**കേരള സർക്കാർ**

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സർക്കുലർ**

നമ്പർ. 19/2017/ധന — തിരുവനന്തപുരം, തീയതി : 29.03.2017

വിഷയം: നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2016-17 – പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. സ.ഉ (പി) നമ്പർ 332/2012/ധന. തീയതി 11.06.2012
2. സർക്കുലർ നം. 74/2016/ധന തീയതി 07.09.2016

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1)-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിൽ 2016-17-ൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് 31.03.2017 ന് മുമ്പായി ഭരണാനുമതി നൽകുന്നതിനായി പ്രസ്തുത പ്രവൃത്തികൾക്കുള്ള ശുപാർശകൾ 31.12.2016 ന് മുമ്പായി സമർപ്പിക്കാൻ സൂചന (2)-ലെ സർക്കുലർ പ്രകാരം എം.എൽ.എ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, നിരവധി കാരണങ്ങളാൽ പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും അനുബന്ധ രേഖകളും ഇനിയും ലഭ്യമായിട്ടില്ലാത്തതിനാലും മലപ്പുറം ജില്ലയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്ന സാഹചര്യത്തിലും മുഴുവൻ പ്രവൃത്തികൾക്കും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ഭരണാനുമതി നൽകുക പ്രായോഗികമല്ല. മേൽ സാഹചര്യത്തിൽ ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

നൽകാനുള്ള അവസാന തീയതി 31.05.2017 ആയി ദീർഘിപ്പിച്ച് നൽകുന്നു. 2016-17 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് ടി തീയതിയ്ക്ക് മുമ്പായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. 2016-17 വർഷത്തിൽ ഇനിയും ശുപാർശകൾ സമർപ്പിച്ചിട്ടില്ലാത്ത എം.എൽ.എ. മാർ തങ്ങളുടെ ശുപാർശകൾ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സഹിതം 2017 മാർച്ച് 31 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

**എസ്.വി. കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

എല്ലാ എം.എൽ.എ മാർക്കും
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ